(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നത് വഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, അത്തരം സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ചും ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഖാദി തൊഴിൽ മേഖല

112(2150) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിയുടെ ഉത്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിക്കും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഖാദിയുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും പ്രചരിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ;

(സി) ഖാദി ഉത്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമായി മാറുന്നത് എന്തുകൊണ്ടാണ്; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഖാദിയുടെ ഉല്പാദന വർദ്ധനവിനും ഈ മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിക്കും അനവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള മിനിമം വേതനം പദ്ധതി തുടർന്നും നടപ്പാക്കി വരുന്നു. ഇതിനായി 2011-12-ൽ 14.68 കോടി രൂപയും 2012-13-ൽ 20 കോടി രൂപയും 2013-14-ൽ 18 കോടി രൂപയും 2014-15-ൽ 22 കോടി രൂപയും 2015-16-ൽ 13.5 കോടി രൂപയും അനുവദിച്ചത് വിതരണം ചെയ്യുകഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉത്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ചു. നൂല്പുകാർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഒരു കഴി നൂലിന് നൽകിവരുന്ന 30 പൈസ എന്നത് 60 പൈസയായും നെയ്ത്തുകാർക്ക് അവർ നെയ്യുന്നതിനായി ഉപയോഗിക്കുന്ന ഒരു കഴി നൂലിന് 90 പൈസ എന്നത് 180 പൈസയായും വർദ്ധിപ്പിച്ചു നൽകിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടേയും ചർക്കകളുടേയും ആധുനികവത്ക്കരണത്തിനുവേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി കേരള സർക്കാർ നിയമിച്ച ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയും വരുന്നു. പുതിയ വർക്ക് ഷെഡുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണം നടത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ തുക വിനിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. നിലത്തിരുന്ന് നൂറ്റിരുന്ന ഖാദി തൊഴിലാളികൾക്ക് ഖാദി നൂല്പ് പ്രക്രിയയിലെ ആയാസം കുറയ്ക്കുവാനായി മേശയും സ്റ്റൂളും പൂർണ്ണമായും സ്ഥാപിച്ചു. ചെന്നൈ IIT-യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദന ഉപകരണങ്ങളായ ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉല്പാദനക്ഷമതയും വേതനവർദ്ധനയും ഉണ്ടാക്കുവാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് വിപുലപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. ഖാദി തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ഉത്സവബത്ത 1000 രൂപയായി വർദ്ധിപ്പിച്ചു നൽകി. ഖാദി മേഖലയിലെ സഹകരണ സംഘങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും അവയുടെ പുനരുദ്ധാരണം, ചർക്കയും തറികളും വാങ്ങൽ, വില്പനശാലയുടെ നവീകരണം തുടങ്ങിയവയ്ക്കായി തുക അനുവദിച്ച് സംഘങ്ങളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾക്ക് പുത്തനുണർവ് നൽകി. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ ഖാദി തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ചു നൽകി. ആയതിനുള്ള തൊഴിലാളി വിഹിതം ബോർഡ് തന്നെ വഹിക്കുന്നു. മെച്ചപ്പെട്ട

ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയതോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഈ സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. പുതിയതായി നെയ്ത്ത് കേന്ദ്രങ്ങളും നൂല്പ് കേന്ദ്രങ്ങളും ഈ മേഖലയിൽ ആരംഭിച്ചതുവഴി കൂടുതൽ പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുവഴി നൽകിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ആം ആദ്മി ബീമാ യോജനാ പദ്ധതിയുടെ പ്രയോജനവും ഖാദി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഖാദി മേഖലയിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള നവാഗത തൊഴിലാർത്ഥികൾക്ക് സ്റ്റൈപ്പന്റോടെ പരിശീലനം നൽകിവരുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്നവ ഖാദി മേഖലയിൽ നടപ്പിലാക്കിയതുവഴി ഖാദി മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുവാനും അതുവഴി ഖാദിയുടെ ഉത്പാദനം ഓരോ വർഷവും വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) അടച്ചുപൂട്ടിയ ഖാദി ഉല്പാദന കേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനും തൊഴിലാളി ലഭ്യതയ്ക്കനുസൃതമായി പുതിയതായി ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഖാദി മേഖലയുടെ ആധുനികവത്കരണ പദ്ധതിയിൽ കൂടി പുതിയ വർക്ക് ഷെഡുകളുടെ നിർമ്മാണം, സ്പെയർ പാർട്ട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം തുടങ്ങിയവ നൽകിയും യാന്ത്രിക ആധുനീകരണം പരമാവധി ചർക്കകളിലും തറികളിലും വരുത്തി ഉല്പാദന ഇൻസെന്റീവിനും കൂലി വർദ്ധനവിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്സവങ്ങളോടനുബന്ധിച്ച് ഖാദി മേളകളും സംഘടിപ്പിച്ചുവരുന്നു.

(സി) ഖാദി ഉല്പന്നങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാണെന്നുള്ള വാദം തെറ്റാണ്. ഖാദിയുടെയും ഖാദിയോടൊപ്പമുള്ള ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെയും പ്രധാന ഉപഭോക്താക്കൾ സാധാരണക്കാരാണ്. ബഹുരാഷ്ട്രകുത്തകകളുടെ വിപണിയിലുള്ള കടന്നുകയറ്റവും ഉല്പന്നങ്ങളിന്മേൽ സമൂഹമാധ്യമങ്ങളിലൂടെയടക്കമുള്ള പ്രചരണവും കണക്കിലെടുക്കുമ്പോൾ അവയ്ക്ക് ഒപ്പം മത്സരിക്കാനുള്ള സർക്കാർ സംവിധാനത്തിന്റെ പരിമിതിയാണ് ഉല്പന്നങ്ങളെ സംബന്ധിച്ചുള്ള അവബോധം പൊതുജനങ്ങൾക്കിടയിൽ കുറവാണ് എന്നുള്ള തോന്നലിന് ഇടയാക്കുന്നത്. ഖാദിയെ സംബന്ധിച്ചാണെങ്കിൽ വില്പന വർഷന്തോറും വർദ്ധിച്ചുവരികയാണ്. വില്പന ആവശ്യത്തിനനുസരിച്ച് ഖാദി വസ്ത്രങ്ങൾ തദ്ദേശീയമായി നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ ബ്രാന്റഡ് ഉല്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങിയതോടെ കൂടുതൽ പ്രചാരം വന്നിട്ടുണ്ട്. ഒപ്പം വിപണന ശൃംഖല വിപുലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly